(17)

# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ( 1994 ലെ 20) 567–ാം വകുപ്പ് 34–ാം ഉപവകുപ്പ് പ്രകാരം കൊച്ചി നഗരസഭാ കൗൺസിൽ രൂപം നൽകിയ ബൈലോ (കരട്)

നമ്പർ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ( 1994 ലെ 20 ) 567–ാം വകുപ്പ് 34–ാം ഉപവകുപ്പ് പ്രകാരം കൊച്ചി നഗരസഭ ഫോർട്ടുകൊച്ചി പള്ളത്ത് രാമൻ ഹാളും അതിനോട് ചേർന്നുള്ള ഗ്രൗണ്ടും വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് കൊച്ചി നഗരസഭാകൗൺസിൽ ചുവടെ ചേർത്തിട്ടുള്ള ബൈലോ രൂപം ന്ലകിയിരിക്കുന്നു.

## ബൈലോ

I ചുരുക്കപേരും പ്രാരംഭവും

1. ഈ ബൈലോ കൊച്ചി നഗരസഭ ഫോർട്ടുകൊച്ചി പള്ളത്ത് രാമൻ ഹാൾ ബൈലോ (ഭേദഗതി ചെയ്യപ്പെട്ടത്) എന്ന പേര് പറയാവുന്നതാണ്.

2. ഇവ 01.04.2018 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

II നിർവചനങ്ങൾ

ഈ ബൈലോയിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം

(a) ആക്ട് എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ( 1994 ലെ 20) എന്ന അർത്ഥമാകുന്നു.

(b) കൊച്ചി എന്നാൽ കൊച്ചി നഗരസഭാപ്രദേശം എന്നർത്ഥമാകുന്നു.

(c) കൊൺസിൽ എന്നാൽ കൊച്ചി നഗരസഭാകൗൺസിൽ എന്നർത്ഥമാകുന്നു.

(d) മേയർ എന്നാൽ കൊച്ചി നഗരസഭാമേയർ എന്നർത്ഥമാകുന്നു.

(e) സെക്രട്ടറി എന്നാൽ കേരള സർക്കാരിനാൽ നിയമിപ്പിക്കപ്പെട്ട കൊച്ചിനഗരസഭാ സെക്രട്ടറി എന്നതുമാകുന്നു.

(f) ചീഫ് എഞ്ചിനിയർ എന്നാൽ കേരള സർക്കാരിനാൽ നിയമിപ്പിക്കപ്പെട്ട കൊച്ചിനഗരസഭാ ചീഫ് എഞ്ചിനിയർ എന്ന് അർത്ഥമാകുന്നു

(g) വിനോദം എന്നാൽ 1961 ലെ (1994 ലെ 20) കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ്സ് ആകടോ അല്ലെങ്കിൽ 1963 ലെ (1963 ലെ 40) കേരള പ്ലെയിസസ് ഓഫ് പബ്ലിക് റിപ്പോർട്ട് ആക്ട് എന്നിവയിൽ നിർവ്വചിച്ചിട്ടുള്ള എതെങ്കിലും വിനോദപരിപാടികൾ എന്നർത്ഥമാകുന്നു.

(h) ഫാറം എന്നാൽ ബൈലോയോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത ഫാറം എന്നർത്ഥമാകുന്നു.

(i) പരിസരം എന്നാൽ ഹാളിന് നാലു വശത്തുമുള്ള മതിൽക്കെട്ടിനകത്തുള്ള തുറസ്സായ സ്ഥലം എന്നർത്ഥമാകുന്നു.

III കൊച്ചി നഗരസഭ ഫോർട്ടുകൊച്ചി പള്ളത്ത് രാമൻഹാൾ വാടകയ്ക്ക് ലഭിക്കുന്നതിനുള്ള അപേക്ഷ നിശ്ചിത ഫാറത്തിൽ സെകട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

IV സെക്രട്ടറിക്ക് സമർപ്പിക്കുന്ന അപേക്ഷ ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനാൽ സ്വീകരിച്ച് ഇതിനായി തയ്യാറാക്കിയിട്ടുള്ള നിശ്ചിത രജിസ്റ്ററിലെ ബന്ധപ്പെട്ട ഭാഗങ്ങളിൽ വാടക/വൈദ്യൂതി ചാർജ്ജ് മറ്റ് വിവരങ്ങൾരേഖപ്പെടുത്തി രജിസ്റ്റർ ചെയ്ത് അപേക്ഷകന് യഥാസമയം കൈപ്പറ്റ് രസീത് നൽകേണ്ടതാണ്

V അപേക്ഷ ഹാൾ വാടകയ്ക്ക് എടുക്കുവാൻ ഉദ്ദേശിക്കുന്ന തീയതിയ്ക്ക് 6 മാസം മുതൽ മൂന്ന് ദിവസം മുമ്പ് വരെ സമർപ്പിക്കാവുന്നതാണ്.

VI അപേക്ഷയോടൊപ്പം വാടക അനുബന്ധചാർജ്ജുകൾ എന്നിവ നഗരസഭാട്രഷറിയിൽ ഒടുക്കിയോ ഡിഡി മുഖേനയോ രസീതിയായോ ഹാജരാക്കേണ്ടതാണ്.

VII നിശ്ചിത വാടകതുകയോടും അനുബന്ധഡെപ്പോസിറ്റ് തുകയോടും കൂടി നിശ്ചിതഫാറത്തിൽ അപേക്ഷിക്കുന്നവർക്ക് മാത്രമേ ഹാൾ അനുവദിക്കുകയുള്ളു

VIII ചില പ്രത്യേക സാഹചര്യങ്ങളിൽ നടത്തപ്പെടുന്ന പ്രത്യേക പരിപാടികൾ/ സംരംഭങ്ങൾക്ക് കേന്ദ്ര സർക്കാർ / കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ / കേന്ദ്ര സർക്കാർ ഏജൻസികൾ / കേരള സർക്കാർ / കേരള സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ / കേരള സർക്കാർ ഏജൻസികൾ എന്നിവരാൽ നടത്തപ്പെടുന്ന പരിപാടികൾക്ക് വാടക ഒടുക്കുന്നതിൽ നിന്ന്

ഭാഗികമായോ പൂർണ്ണമായോ ഒഴിവാക്കുന്നതിന് നഗരസഭാകൗൺസിലിനോ അഥവാ നഗരസഭാകൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് മുൻകൂർ അനുമതി നൽകുന്നതിന് നഗരസഭാമേയർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. മേൽ സന്ദർഭത്തിൽ മേയറുടെ മുൻകൂർ അനുമതി സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും അനുബന്ധചാർജ്ജുകൾ ഒടുക്കേണ്ടതുമാണ്.

IX കൊച്ചി നഗരസഭ നടത്തപ്പെടുന്ന എല്ലാപരിപാടികൾക്കും ഹാൾ പൂർണ്ണ സൗജന്യമായിട്ടായിരിക്കും നൽകുന്നത്.

X ബുക്ക് ചെയ്യുന്നതനുസരിച്ചുള്ള തീയതിയിലും സമയത്തും ഹാൾ കൈമാറി ലഭിച്ചാലുടൻ ആയതിലെ ഫർണീച്ചറുകൾ, ഫിറ്റിംഗ്സുകൾ, ഹാൾ പരിസരം എന്നിവ ഏതു രീതിയിലാണോ ലഭിച്ചത് അതേ രീതിയിൽ തന്നെ ബുക്കിംഗ് സമയപരിധിക്കകമുള്ള പരിപാടി കഴിഞ്ഞ്ബന്ധപ്പെട്ടവർ തിരിച്ച് കൈമാറേണ്ടതാണ്.. ബുക്കിംഗ് സമയത്തെ ഉപയോഗത്തിലൂടെ ഏതെങ്കിലും തരത്തിലുള്ള നഷ്ടം നേരിട്ടതായി ബോദ്ധ്യപ്പെട്ടാൽ ആയതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ടവർക്ക മാത്രമായിരിക്കുന്നതാണ്.

XI ഹ ാളിലും ഹാൾ പരിസരത്തും മദ്യം മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങൾ വിളമ്പുന്നതും ഉപയോഗിക്കുന്നതും യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

XII ബുക്കിംഗ് അനുസരിച്ചുള്ള പരിപായി നടത്തുന്നതിന് നി.മാനുസരണം നഗരസഭയുടെ ഇതര വിഭാഗങ്ങളിൽ നിന്ന്/ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അനുവാദം ലൈസൻസ് ആവശ്യമായി വരുന്ന പക്ഷം ആയത് യഥാസമയം ബന്ധപ്പെട്ടവർ വാങ്ങിയിരിക്കേണ്ടതാണ്.

XIII ബുക്കിംഗ് പ്രത്യേക കാരണങ്ങൾ വ്യക്തമാക്കാതെ ആകസ്മിക സാഹചര്യങ്ങളിൽ അനുവദിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. എന്നാൽ അങ്ങനെയുള്ള സംഗതിയിൽ ആയത് സംബന്ധിച്ചുള്ള വിവരം തൊട്ടടുത്ത നഗരസഭാകൗൺസിൽ യോഗത്തിൽ സമർപ്പിച്ച് അഗീകാരം ലഭ്യമാക്കേണ്ടതാണ്.

XIV ആകസ്മികവും അനിവാര്യവുമായ സംഗതിയിൽ നഗരസഭ/ സംസ്ഥാന സർക്കാർ / കേന്ദ്രസർക്കാർ/ പൊതുമാഖലാ സ്ഥാപനങ്ങൾ / സർക്കാർ ഏജൻസികൾ എന്നിവയുടെ ആവശ്യത്തിന് ഹാൾ ആവശ്യമായി വരുന്ന പക്ഷം രണ്ട് ദിവസത്തെ രേഖാമൂലമുള്ള നോട്ടീസ് അപേക്ഷകന് നല്കി ബുക്കിംഗ് റദ്ദ് ചെയ്യുവാനുള്ള അധികാരം നഗരസഭാഡെപ്യൂട്ടിസെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്. അങ്ങിനെയുള്ള സംഗതിയിൽ പ്രസ്തുത വിവരം തൊട്ടടുത്ത നഗരസഭാകൗൺസിലിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

XV നിശ്ചിതപരിപാടിയുടെ സുഗമമായ നടത്തിപ്പിൽ ഭാഗികമായോ പൂർണ്ണമായോ ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിട്ടാൽ ആയതിന്റെ ഉത്തരവാദിത്വം യാതൊരു കാരണവശാലും നഗരസഭാ ഏറ്റെടുക്കുന്നതല്ല.

XVI നഗരസഭയുടേതല്ലാത്ത കാരണത്താൽ വൈദ്യുതി വിതരണം നിലയ്ക്കുന്നതുമൂലം നിശ്ചിത പരിപാടിക്ക് ഭാഗികമായോ പൂർണ്ണമായോ സ്തംഭനം നേരിട്ടാൽ യാതൊരു കാരണവശാലും ബുക്കിംഗ് അനുസരിച്ചുള്ള വാടക ഭാഗികമായോ പൂർണ്ണമായോ അപേക്ഷകന് തിരിച്ചു നൽകുന്നതല്ല.

XVII നഗരസഭാ മേയർ, ഡെപ്യൂട്ടി മേയർ, ടിയാളുകളാൽ ചുമതലപ്പെടുത്തുന്ന കൗൺസിലർമാർ, നഗരസഭാസെക്രട്ടറി, സെക്രട്ടറിയാൽ നിയോഗിക്കപ്പെടുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് ഏതു സമയത്തും ടൗൺഹാളിൻ പരിസരത്ത് പ്രവേശിക്കാവുന്നതും ഹാളിലെ / പരിസരത്തെ ബുക്കിംഗ് അനുസരിച്ചുള്ള പരിപാടിയുടെ പ്രവർത്തനം പരിശോധിക്കാവുന്നതും ആയതിനുള്ള സൗകര്യം ബുക്ക് ചെയ്ത ബന്ധപ്പെട്ടവർ ഒരുക്കി കോടുക്കേണ്ടതാണ്. ഹാളിന്റെ സുഗമമായ ഉപയോഗക്രമം / പ്രവർത്തനം സംബന്ധിച്ച് ടിയാളുകൾ നല്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർക്കുവാൻ ബന്ധപ്പെട്ടവർ ബാദ്ധ്യസ്ഥരാകുന്നു.

XVIII ഹാൾ / ഹാളിന്റെ പരിസരത്ത് സ്ഫോടക വസ്തുക്കൾ ശേഖരിക്കുവാനോ ഉപയോഗിക്കുവാനോ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

XIX ഹാൾ / ഹാൾ പരിസരത്ത് സംഭവിക്കുന്ന അത്യാഹിത അപകടങ്ങൾക്ക് നഗരസഭയ്ക്കോ/ ജീവനക്കാർക്കോ യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

XX നഗരസഭാ ഹാളിന്റെ സുഗമമായ പ്രവർത്തനവുമായി ബന്ധപ്പെട്ട ഈ ബൈലോയിൽ ഏതു സമയത്തും ഏതെങ്കിലും ചട്ടമോ ഒന്നിലധികം ഉപചട്ടങ്ങളോ ഭാഗികമായോ പൂർണ്ണമായോ ഭേദഗതി ചെയ്യുന്നതിലോ കൂട്ടി ചേർക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ഒഴിവാക്കുന്നതിനോ ഉള്ള അധികാരം നഗരസഭാകൗൺസിലിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്.

XXI ആ ബൈലോ പ്രാവർത്തികമാക്കുമ്പോൾ ഏതെങ്കിലും പ്രധാന വ്യവസ്ഥകളിലോ ഉപവ്യവസ്ഥകളിലോ സ്പഷ്ടീകരണം ആവശ്യമായി വരുന്ന സംഗതികളിൽ ആയത് സംബന്ധിച്ചുള്ള തീരുമാനം എടുക്കുവാനുള്ള അധികാരം നഗരസഭാകൗൺസിലിന് മാത്രമായിരിക്കുന്നതാണ്.

XXII ഗ്രൗണ്ടിൽ പൊതുജനങ്ങളുടെ പ്രവേശനം തടയാൻ പാടുള്ളതല്ല

XXIII ഉച്ചഭാഷിണി ഉപയോഗിക്കുന്ന രണ്ട് പരിപാടികൾ ഒരേ സമയം ഹാളിലും ഓപ്പൺ സ്റ്റേജിലും നടത്തുന്നതിന് അനുവദിക്കുന്നതല്ല.

കൊച്ചിനഗരസഭകൗൺസിലിനുവേണ്ടി

സെക്രട്ടറി

17/7/18 24/7/18 Sebolt 2/10